മദ്രാസ് പ്രഭാഷണം തുടരുന്നു

സയ്യിദ് അബുൽ അഅ്ലാ മൗദൂദി

# ഇന്ത്യയുടെ ഭാവി ആരുടെ കൈയിൽ?

**ഇനി** നിങ്ങൾ ഹിന്ദു ഇന്ത്യയിലെ ഭൂരിപക്ഷത്തെക്കുറിച്ചു ചിന്തിക്കുക. ഞാൻ പലവുരു പറയാറുണ്ട്, ഇസ്‌ലാമികവിപ്ലവത്തിന് മുസ്‌ലിംഭൂരിപക്ഷപ്രദേശങ്ങളിൽ ഉള്ള അത്രതന്നെ സാധ്യതകൾ മുസ്‌ലിം ഇതരർ ഭൂരിപക്ഷമുള്ള പ്രദേശങ്ങളിലുമുണ്ട്. എന്റെ ഈ വാക്കുകൾ ഒരു സ്വപ്നാടകന്റെ പാഴ്ക്കിനാവു പോലെയാണ് പലരും ധരിച്ചത്. വേറെ ചിലർ ഉൾക്കൊള്ളാനാവാത്ത സൂഫീസങ്കൽപമായും അതിനെ കണ്ടു. അതിന് കാരണമുണ്ട്. മുസ്‌ലിംകളെ അപേക്ഷിച്ച് സുശക്തവും അഖണ്ഡവും ഭദ്രവുമായ, ശൈഥില്യത്തിന് പഴുതില്ലാത്ത ജനവിഭാഗമാണ് മുസ്‌ലിം ഇതര ഭൂരിപക്ഷമെന്ന് അവർ കരുതുന്നു. ദേശീയതയുടെ അത്യാവേശമാണ് അതിനെ അടക്കിഭരിക്കുന്നത്. ഹിന്ദു ഇന്ത്യയുടെ ഭരണവ്യവസ്ഥ ഭദ്രമായി അവരുടെ കൈകളിൽ വന്നുകഴിഞ്ഞിരിക്കുന്നു. അതിൽ വല്ലതും അവശേഷിച്ചിരുന്നെങ്കിൽ അതുകൂടി സമീപഭാവിയിൽ അവർ കൈവശപ്പെടുത്തും. ഈ സ്ഥിതിഗതികൾക്കിടയിൽ ഇസ്‌ലാമികവിപ്ലവത്തിന്റെ വഴി മുസ്‌ലിംകൾക്ക് ഉരുത്തിരിഞ്ഞു കിട്ടുന്നില്ല. എന്നാൽ, പ്രത്യക്ഷത്തിൽ ഭദ്രമായി കാണുന്ന ഈ സുശക്തമായ ബ്ലോക്കിന്റെ ഭിന്നഘടകങ്ങളും അവക്കിടയിലെ വൈജാത്യങ്ങളും നിങ്ങൾ മനസ്സിലാക്കണം.

ഇന്ത്യയിലെ കോടിക്കണക്കിന് മുസ്‌ലിം ഇതര ജനവിഭാഗങ്ങളെ ഏകീകരിക്കുന്നത് സ്വതന്ത്രമായ ഒരു ജീവിതവീക്ഷണമോ, ഭദ്രമായ ഏതെങ്കിലും പ്രത്യയശാസ്ത്രമോ, ഇളക്കം തട്ടാത്ത ആദർശലക്ഷ്യമോ അല്ല. ഒരുഭാഗത്ത് വിദേശാധിപത്യത്തിനും മറുഭാ

ഗത്ത് മുസ്‌ലിം ദേശീയതക്കും എതിരായി ഉയർന്നുവന്ന വെറും ദേശീയതാവികാരം മാത്രമാണത്. ഏതെങ്കിലും തരത്തിലുള്ള ഒരു പ്രതിയോഗിക്കെതിരായാവും ദേശീയത തലപൊക്കുന്നതുതന്നെ. പ്രതിയോഗി അവശേഷിക്കുന്ന കാലം വരെയാണ് അതിന്റെ ആയുസ്സ്. അതിനോടു കിടമത്സരം നടത്തിയാണ് അത് വീറും വാശിയും നിലനിർത്തുന്നത്. ഈ സംഘർഷം അവസാനിക്കുകയും ദേശീയത ലക്ഷ്യം നേടുകയും ചെയ്യുന്നതോടെ ആ വികാരം കെട്ടുപോകും. ആഭ്യന്തരജീവിതത്തിന്റെ മറ്റു സുപ്രധാനതലങ്ങളിലേക്ക് ജനം ശ്രദ്ധതിരിക്കുന്നതോടെ അവരെ ബന്ധിപ്പിച്ചുനിർത്തുന്ന ദേശീയവികാരത്തിന്റെ കണ്ണികളെല്ലാം അറ്റുപോകും. ഹിന്ദുദേശീയതയുടെ സ്വഭാവവും ഇതുതന്നെ. അത് രണ്ടു തൂണുകളിലാണ് നിലകൊള്ളുന്നത്. അതിലൊന്നായ ബ്രിട്ടീഷ്ഭരണത്തിൽനിന്നുള്ള വിമോചനം എന്ന സ്വപ്നം ഉടനെ സാക്ഷാത്കരിക്കപ്പെടും. പിന്നെ അവശേഷിക്കുന്നത് രണ്ടാം തൂണായ മുസ്‌ലിംദേശീയതക്കെതിരായ വികാരമാണ്. പാകിസ്താൻ നിലവിൽ വരുന്നതോടെ അതിനും നിലനിൽപില്ലാതാകും. ഹിന്ദുപ്രദേശങ്ങളിലെ മുസ്‌ലിം ന്യൂനപക്ഷം സ്വന്തം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ഇന്ത്യയെയും പാകിസ്താനെയും തമ്മിൽ തല്ലിക്കാനോ, ഇന്ത്യയിൽ മുസ്‌ലിംദേശീയതയുടെ അവകാശവാദങ്ങളെ അടിച്ചമർത്തുംവിധം ഹിന്ദുദേശീയതയുടെ വികാരം ആളിക്കത്തിക്കാനോ സന്ദർഭമൊരുക്കാത്തേടത്തോളം അതിന് സാധ്യതയില്ലാതാവുന്നു. അതിനുള്ള സദ്ബുദ്ധി പടച്ചതമ്പുരാൻ മുസ്‌ലിംകൾക്ക് നൽകിയെന്നിരിക്കട്ടെ, എങ്കിൽ ഈ ദേശീയവാദികളായ നേതാക്കളും സാമുദായികവർഗീയതയുടെ വക്താക്കളും നിലവിലെ ദേശീയതാവികാരം ഊതിക്കത്തിക്കാൻ എത്രകണ്ട് ശ്രമിച്ചാലും അതെല്ലാം നിഷ്ഫലമായിത്തീരും. ഈ ദേശീയവികാരത്തെ കോർത്തിണക്കിയ വിഭിന്ന വിജാതീയ ഘടകങ്ങളെല്ലാം ചിതറിത്തെറിച്ചുപോവുകയും ചെയ്യും. ബാഹ്യഭീഷണി അവസാനിക്കുന്നതോടെ അതിനകത്ത് നിലനിൽക്കുന്ന സാമൂഹിക അസമത്വങ്ങളും സാമ്പത്തികചൂഷണങ്ങളും നിക്ഷിപ്തതാൽപര്യങ്ങളുമെല്ലാം പുറത്തുവരികയും രാജ്യത്തിന്റെ ഭാവിവ്യവസ്ഥ, അധികാരവിഭജനം, അവകാശനിർണയം, സാമൂഹിക പുനഃസംവിധാനം തുടങ്ങിയ വിഷയങ്ങളെല്ലാം അവരെ പരസ്പരം കലഹിപ്പിക്കുകയും ചെയ്യും. ഈ ശൈഥില്യത്തിന്റെ സ്വാഭാവികമായ നിമിത്തങ്ങളെ തടയാൻ ഒരു ശക്തിക്കും സാധ്യമാവില്ല.

ഇന്ത്യൻ സാമൂഹികവ്യവസ്ഥ ഉച്ചനീചത്വം തീണ്ടിയ അസംഖ്യം ജാതികൾ ചേർന്നതാണ്. ഈ ജാതികൾക്കിടയിലെ വൈരുധ്യങ്ങളും വൈജാത്യങ്ങളും അവയുടെ ജന്മത്തിലേ ആഴത്തിൽ വേരൂന്നിയതാണ്. പുനർജന്മസിദ്ധാന്തത്തിലൂടെ അത് നില ഭദ്രമാക്കുകയും ചെയ്തിട്ടുണ്ട്. കീഴ്ജാതികൾ തങ്ങൾ നേരിടുന്ന അധമത്വത്തെ മുജ്ജന്മഫലമായി കരുതി സമാധാനിക്കുന്നു. ആ തലവിധി മാറ്റാനാവില്ലെന്നും അതിനുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം പാഴ്‌വേലയാണെന്നും അവർ വിശ്വസിക്കുന്നു. മേൽജാതികളാവട്ടെ, മേധാവിത്വം അവരുടെ ജന്മാവകാശമാണെന്നും മുജ്ജന്മസുകൃതങ്ങളുടെ ഫലമാണെന്നും അതു മാറ്റാൻ ശ്രമിക്കുന്നത് പ്രകൃതിനിയമത്തിനു വിരുദ്ധമാണെന്നും ഉറച്ചുവിശ്വസിക്കുന്നു. ഈ സാമൂഹികവ്യവസ്ഥയിൽ ഓരോ മേൽജാതിയും കീഴ്ജാതികളെ ചവിട്ടിത്താഴ്ത്തിക്കൊണ്ടിരിക്കുന്നു. സാമൂഹികജീവിതത്തിന്റെ നാനാതുറകളിലും ഉച്ചനീചത്വം പ്രകടമാണ്. ഭക്ഷണം, പാർപ്പിടം, വിവാഹം തുടങ്ങി നാഗരികജീവിതത്തിന്റെ ഭിന്നതലങ്ങളിൽ ഈ വ്യത്യാസം മുഴച്ചുനിൽക്കുന്നുണ്ട്. ഓരോ ചുവടിലും അനീതി ദൃശ്യമാണ്. ഈ ഭിന്നത കേവലമല്ല. അത് പരനിന്ദയും അവഹേളനവുമായി മാറുകയാണ് പതിവ്. കീഴ്ജാതിക്കാരായ ആണും പെണ്ണും മേൽജാതിക്കാ

രുടെ ആടയും ആഭരണവും ധരിക്കുന്നതുപോലും പൊറുപ്പിക്കപ്പെടുന്നില്ല. ഈയിടെ, യുദ്ധത്തിൽ സൈനികസേവനമനുഷ്ഠിച്ചും വിദേശവരുമാനം സമ്പാദിച്ചും സുസ്ഥിതി പ്രാപിച്ച താണ ജാതിക്കാരായ ചമറുകൾ തങ്ങളുടെ ആടയാഭരണങ്ങൾ അണിയുന്നു എന്നും പറഞ്ഞ് രജപുത്താനയിലെ ഗുജ്ജർ, ജാട്ട് ജാതിവിഭാഗങ്ങൾ കലാപത്തിന് കോപ്പുകൂട്ടിയത് ഓർക്കുക. ഈ ഗുജ്ജറുകളും ജാട്ടുകളും ഇതേ അവഹേളനം രജപുത്തുകളിൽനിന്ന് നേരിടേണ്ടിവരുന്നുണ്ടെന്നതാണ് കൗതുകകരം. എന്നിട്ടും ചമറുകൾ തങ്ങളോടൊപ്പം സാമൂഹിക സുസ്ഥിതി പ്രാപിക്കുന്നത് അവർക്ക് സഹിക്കാനാവുന്നില്ല. അങ്ങനെ ഏതു ദുഃസ്ഥിതിയിൽ നിന്നു ആ പാവങ്ങൾ കരകയറാൻ ആഗ്രഹിച്ചുവോ, അതേ ഗർത്തത്തിലേക്ക് ജാതിചിന്ത അവരെ പിന്നെയും തള്ളിവിടുന്നു.

രാജ്യത്തെ സാമ്പത്തികവ്യവസ്ഥയും ഈ സാമൂഹികവ്യവസ്ഥയുടെ തുടർച്ച തന്നെയാണ്. അതിന്റെ പഴയ കാല അതിക്രമങ്ങൾക്കുമേൽ മുതലാളിത്തത്തിന്റെ താൽപര്യങ്ങൾകൂടി വന്നുചേർന്നിരിക്കുന്നു. പഴഞ്ചൻ സാമൂഹികസിദ്ധാന്തങ്ങളും ഭൗതികാതീതമായ തത്ത്വശാസ്ത്രങ്ങളും പറഞ്ഞ് സമൂഹത്തിന്റെ മേൽത്തട്ടിൽ ഇരിപ്പുറപ്പിച്ചവർ നാഗരികജീവിതത്തിന്റെ സുസ്ഥിതി കുത്തകയാക്കി വെക്കുക മാത്രമല്ല, രാജ്യത്തിന്റെ സമ്പത്തും സൗകര്യങ്ങളും പിടിച്ചടക്കുകയും ചെയ്തിരിക്കുന്നു. കീഴ്ജാതിക്കാരായ സാധാരണക്കാർക്ക് ജീവിതായോധനത്തിനായി നിന്ദ്യതയോടെ മേൽജാതിക്കാരായ അധികാരിവർഗത്തെ സേവിക്കുകയോ അവർക്കുമുന്നിൽ ഓഛാനിച്ചു നിൽക്കുകയോ ചെയ്യേണ്ടിവരുന്നു. ഈ സാമ്പത്തികവ്യവസ്ഥയിൽ നിർധനരും അധ്വാനിക്കുന്ന ജനവിഭാഗവും നേരിടുന്ന അനീതിയും അതിക്രമങ്ങളും എണ്ണിത്തിട്ടപ്പെടുത്താനാവില്ല. ഇനി വരേണ്യവിഭാഗമോ, അവർ തങ്ങൾക്കിടയിൽ തന്നെ അതിക്രമം നടത്തുന്നു. അങ്ങനെ ഒരു ചെറുപക്ഷം സുസ്ഥിതിയിലും ഭൂരിപക്ഷം ദുഃസ്ഥിതിയിലുമായിത്തീരുന്നു. അവരുടെ പലിശ ഇടപാടുകളും കൂട്ടുകുടുംബവ്യവസ്ഥയും മൂത്ത സന്തതിക്ക് അനന്തരാവകാശം പതിച്ചുകൊടുക്കുന്ന ഏർപ്പാടും ചെറിയൊരു വിഭാഗത്തിന് സാമ്പത്തികമാർഗങ്ങൾ സ്വന്തമാക്കാനും ഭൂരിപക്ഷത്തെ വഴിയാധാരമാക്കാനും ഇടയാക്കുന്നു. ഇങ്ങനെ സമ്പത്ത് കൈവശപ്പെടുത്തിയവർ ഇപ്പോൾ മുതലാളിത്തത്തെ വരിച്ച് രാജ്യത്തിന്റെ വ്യവസായവും വാണിജ്യവും ധനാഗമ മാർഗങ്ങളും വെട്ടിപ്പിടിക്കുകയാണ്.

ഇനി രാഷ്ട്രീയവ്യവസ്ഥയുടെ കാര്യം. ജനാധിപത്യം, സാമൂഹികനീതി, അവസരസമത്വം തുടങ്ങിയ വമ്പിച്ച അതുല്യഭാവനകൾ സുന്ദരമായ ഭാഷയിൽ കടലാസിൽ എഴുതിപ്പിടിപ്പിക്കുന്നുണ്ട്. എന്നാൽ ആ വാക്കുകളുടെ യഥാർഥ വില അക്ഷരങ്ങളിലല്ല, പ്രയോഗത്തിലാണ്. അവിടെ നാം കാണുന്ന കാഴ്ച, ഈ രാഷ്ട്രീയവ്യവസ്ഥയുടെ രൂപവത്കരണത്തിലും പ്രയോഗവത്കരണത്തിലും നേരത്തേ പറഞ്ഞ സാമൂഹിക,സാമ്പത്തികരംഗങ്ങളിൽ മേൽത്തട്ടിൽ വന്ന-അല്ല, അവിടേക്കു പിറന്നുവീണ- വരേണ്യവിഭാഗം മേൽക്കൈ നേടുന്നതാണ്. ദൈവം അവർക്ക് എല്ലാം നൽകി-വിശാല ഹൃദയവും ദീർഘവീക്ഷണവും സൗമനസ്യവുമൊഴിച്ച്. അവരുടെ സങ്കുചിതത്വം മൂലം ഇന്ത്യക്ക് ഇത്രകാലം വളരെയധികം നാശം സംഭവിച്ചു. അതു വെച്ചുനോക്കുമ്പോൾ മേലിലും ഇക്കൂട്ടർ സ്വന്തം രാഷ്ട്രീയശക്തി യഥാർഥ നീതിയുടെ പുലർച്ചക്കായി വിനിയോഗിക്കുമെന്ന് പ്രതീക്ഷിക്കാൻ വയ്യ.

നിലവിലെ സ്ഥിതിഗതികളിൽ ഉള്ളടങ്ങിയ ചില തിക്തസത്യങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നുണ്ട്. ദേശീയതയുടെ ലഹരിയിൽ ഇത്രയും നാൾ അത് മുങ്ങിക്കിടക്കുകയായിരുന്നു. രാജ്യഭരണം തങ്ങളുടെ കൈകളിൽ വന്നു

കഴിഞ്ഞാൽ ഇക്കണ്ട അനീതികൾക്കൊക്കെ ശമനമാകും എന്ന പ്രതീക്ഷയിലാണ് ജനം. എന്നാൽ ഇപ്പോൾ രാജ്യഭാരം സ്വന്തം പൗരന്മാരുടെ കൈകളിൽ വന്നുചേർന്നുകൊണ്ടിരിക്കെ, രാജ്യത്ത് ശരിയായ നീതി പുലരണമെങ്കിൽ ഈ സ്വയംനിർണയാവകാശം എങ്ങനെ വിനിയോഗിക്കുമെന്ന ചോദ്യം ഉത്തരമില്ലാതെ ഇനിയും നീട്ടിക്കൊണ്ടുപോവുക സാധ്യമല്ല. ഹിന്ദുസംസ്കാരത്തോടൊപ്പം പടിഞ്ഞാറൻ യൂറോപ്പിന്റെയും അമേരിക്കയുടെയും ജീവിതശൈലി കൂടി സ്വന്തമാക്കിയവരുടെ കൈകളിലേക്കാണ് ഇന്ത്യയുടെ ഭാവിഭാഗധേയം വന്നുചേരുന്നത്. എന്റെ ധാരണ ശരിയാണെങ്കിൽ, ആലങ്കാരികമായ ജനാധിപത്യവും തൊലിപ്പുറമേയുള്ള സമത്വവും പ്രത്യക്ഷമായ നീതിയും സ്ഥാപിക്കുന്നതിൽ അവർക്ക് വിജയിക്കാൻ കഴിഞ്ഞേക്കും. എന്നാൽ അതിന്റെ അടിത്തട്ടിലെ അനീതിയും അസമത്വങ്ങളും വിവേചനങ്ങളും അതേ പടി നിലനിൽക്കും. കാരണം, ജാതിവിവേചനം ഹിന്ദുസംസ്കാരത്തിന്റെ സിരകളിൽ അലിഞ്ഞുചേർന്നതാണ്. അതു നിലനിർത്തി യഥാർഥ ജനാധിപത്യക്രമം സ്ഥാപിച്ചെടുക്കുക അസാധ്യമാണ്. ജാതിചിന്തക്കൊപ്പം പടിഞ്ഞാറൻ തത്ത്വശാസ്ത്രങ്ങൾ കൂടി ചേർന്നാൽ വരേണ്യവിഭാഗത്തിന് തെരഞ്ഞെടുപ്പിന്റെയും വോട്ടിന്റെയുമൊക്കെ പിൻബലത്തിൽ തങ്ങളുടെ മേധാവിത്വം നിയമവിധേയമാക്കാം എന്നല്ലാതെ മറ്റൊന്നും സംഭവിക്കില്ല. അതിനാൽ ദേശീയതയുടെ വക്താക്കളായ ഇക്കൂട്ടർ വളരെ പെട്ടെന്നുതന്നെ ഇന്ത്യയിലെ സാധാരണജനങ്ങളെ നിരാശപ്പെടുത്തുമെന്നുറപ്പാണ്. അവരുടെ കൈകളാൽ നീതി സംസ്ഥാപിക്കാനാവില്ല. അധികകാലം കഴിയുംമുമ്പേ ഇന്ത്യയിലെ സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ എന്നിവർ നീതിനിഷ്ഠയുള്ള ഇതര മാർഗങ്ങൾ തേടിയുള്ള അന്വേഷണത്തിന് അക്ഷമരായിരിക്കും.

ഈ അവസരം മുതലെടുക്കുന്നതിനുള്ള ശ്രമമാണ് സോഷ്യലിസ്റ്റുകൾ നടത്തിവരുന്നത്. നിലവിലെ ദേശീയതാവാദം അതിന്റെ ലക്ഷ്യം സ്ഥാപിച്ചെടുത്തശേഷം ശിഥിലമായി പോകുന്നതോടെ ഈ ജാതിസ്പർധയും താൽപര്യസംഘട്ടനങ്ങളും ഉണ്ടാക്കിത്തീർക്കുന്ന പഴുതുകളിലൂടെ സോഷ്യലിസ്റ്റുകൾ തങ്ങളുടെ വഴി കണ്ടെത്താൻ ശ്രമിക്കുകയും സാധാരണക്കാർക്ക് നീതി സംബന്ധിച്ച പ്രതീക്ഷകൾ നൽകി അധികാരം കൈക്കലാക്കാൻ ശ്രമിക്കുന്നതായിരിക്കും. എന്നാൽ അനീതി ഇല്ലായ്മ ചെയ്യുന്നതിന് അക്രമം, അനീതി, കൊള്ള, കൊല, രക്തച്ചൊരിച്ചിൽ, സർവോപരി സ്വേഛാധിപത്യം എന്നിവ തീണ്ടാത്ത ഒരു പരിപാടിയും ഇക്കൂട്ടരുടെ പക്കൽ ഉണ്ടായിരിക്കില്ല. ഇന്ത്യയിൽ നിലവിലുള്ള വർഗീയവിദ്വേഷത്തിനും സംഘട്ടനത്തിനും പകരം അത് വർഗപരമായ വിദ്വേഷവും സംഘർഷവും കൊണ്ടുവരും എന്നേയുള്ളൂ. ഇത്രയും കാലം ഹിന്ദു-മുസ്‌ലിംസംഘർഷങ്ങളുടെ പേരിൽ കൊലയും കൊള്ളിവെപ്പും നടത്തിവന്നവർ നാളെ ഒരു കഷ്ണം റൊട്ടിക്കുവേണ്ടി രക്തച്ചൊരിച്ചിൽ നടത്തും എന്ന വ്യത്യാസമേയുള്ളൂ. ഇന്ന് ഒരു കക്ഷി മറുകക്ഷിക്കെതിരെ എങ്ങനെ ഇളകിവശായിട്ടുണ്ടോ അതുപോലെ നാളെ ഒരു വർഗം മറുവർഗത്തിനെതിരെ വെറിയും വിദ്വേഷവുമായി ഇറങ്ങിപ്പുറപ്പെടും. വർഗീയതക്കും ദേശീയതക്കും പകരം വർഗതാൽപര്യങ്ങൾ ആധിപത്യം നേടുകയും ഇന്നത്തെ സാമുദായികസംഘർഷത്തിന്റെ കാലത്ത് നീതിയോടുള്ള ആഭിമുഖ്യം ജനമനസ്സുകളിൽ ഇല്ലാത്തതുപോലെ അന്നത്തെ വർഗസംഘട്ടനത്തിന്റെ കാലത്തും ജനഹൃദയങ്ങളിൽ നീതി അവശേഷിക്കുകയില്ല. അധികാരിവർഗം അവകാശം നിഷേധിക്കപ്പെട്ടവരെ കൂടുതൽ അടിച്ചമർത്താൻ ശ്രമിക്കും. മർദിതരാവട്ടെ, അധികാരം പിടിച്ചെടുക്കാനുള്ള തീവ്രയത്നങ്ങളിൽ മുഴുകും. അങ്ങനെ ഒരു ദീർഘകാലം ഇന്ത്യക്ക് സമാധാനം കൊതിച്ചുകഴിയേണ്ട സ്ഥിതി വ

രും. അവസാനം വിധിവശാൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചാൽ റഷ്യയിലെപ്പോലെ നീണ്ടകാലം ഇന്ത്യയിലും സമൂഹത്തിലെ മേൽത്തട്ടു വിഭാഗങ്ങളുടെ ഭൂമിയും സ്വത്തുവകകളും ഫാക്ടറികളും പിടിച്ചടക്കുന്നതിനുവേണ്ടിയുള്ള രക്തച്ചൊരിച്ചിൽ നടക്കും. പിന്നീട് സോഷ്യലിസ്റ്റ് വ്യവസ്ഥ പുലരുന്നതോടെ റഷ്യയിൽ നിലനിന്ന സ്വേഛാധിപത്യ വ്യവസ്ഥതന്നെ ഇവിടെയും ആധിപത്യം നേടും. അങ്ങനെ രാജ്യത്തെ ജനങ്ങൾ ഒരു സമഗ്രാധിപത്യ വ്യവസ്ഥയുടെ കാൽചുവട്ടിലമരും. ആവിഷ്കാരസ്വാതന്ത്ര്യം നിഷേധിക്കപ്പെടും. മുഴുവനാളുകളുടെയും ജീവനോപാധികൾ ചുരുക്കം ചിലരുടെ കൈകളിൽ വന്നുചേരും. ആ വ്യവസ്ഥയുടെ കെടുതികൾക്കെതിരെ പ്രതിഷേധമുയർത്താനോ അതിനെതിരായി രാഷ്ട്രീയമോ സാമൂഹികമോ ആയ മുന്നേറ്റങ്ങൾ സംഘടിപ്പിക്കാനോ സാധ്യമല്ലാതെ വരും. ഇതിനെല്ലാം പുറമെ ഈ സോഷ്യലിസ്റ്റ് വിപ്ലവം വരുത്തിത്തീർക്കുന്ന ദുഃസ്ഥിതി മറ്റൊന്നുണ്ട്. കഴിഞ്ഞ ശതകങ്ങളിലെ അധഃപതനങ്ങൾക്കുശേഷവും ഇന്ത്യൻസംസ്കാരത്തിൽ അവശേഷിച്ച ആത്മീയവും ധാർമികവുമായ മൂല്യങ്ങളെ കൂടി അത് നിഷ്കാസനം ചെയ്യും. അങ്ങനെ ഇന്ത്യ അടിമുടി കേവല ഭൗതികരാഷ്ട്രമായി മാറും.

ഈ പരിണതിയിൽനിന്ന് ഇന്ത്യയെ രക്ഷിക്കാൻ ഒരു മാർഗമേയുള്ളൂ. ഉന്നത ആത്മീയ, ധാർമികമൂല്യങ്ങളും സത്യസന്ധവും സ്വതന്ത്രവുമായ സാമൂഹികനീതിയും നാഗരിക, സാമൂഹികമാനങ്ങളുള്ള യഥാർഥ ജനാധിപത്യവും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥ മുന്നോട്ടുവെക്കാൻ ഏതെങ്കിലും വിഭാഗം തയാറാവണം. വർഗ വംശ ചിന്തകൾക്കതീതമായി മുഴുവൻ പൗരന്മാർക്കും സാമൂഹികപുരോഗതിക്ക് അവസരമൊരുക്കുന്നതായിരിക്കണം അത്. ചെറു ന്യൂനപക്ഷത്തിന്റെ അല്ല, മുഴുവൻ മനുഷ്യരുടെയും താൽപര്യങ്ങൾ അനുഭാവപൂർവവും നീതിപൂർവകവുമായി പരിഗണിക്കപ്പെടണം. ഒരു വിഭാഗം മാത്രം മിത്രമോ ശത്രുവോ ആയി ഗണിക്കപ്പെട്ടുകൂടാ. ജനങ്ങളെ വിവിധ വിഭാഗങ്ങളാക്കി മാറ്റി തമ്മിൽതല്ലിക്കുകയല്ല, ഒരു നീതിനിഷ്ഠമായ ജീവിതവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഏകോപിപ്പിക്കുകയാണ് വേണ്ടത്. തിരസ്കൃത ജനവിഭാഗങ്ങൾക്ക് അവരുടെ മൗലികാവകാശങ്ങൾ ലഭ്യമാക്കണം. വരേണ്യവിഭാഗം മൗലികാവകാശങ്ങളിൽ കൂടുതലായി കൈവശംവെച്ചു പോരുന്നത് പിടിച്ചുവാങ്ങണം. ഇത്തരമൊരു വ്യവസ്ഥ രാജ്യത്തിനു മുന്നിൽ സമർപ്പിക്കപ്പെടുകയും അതിന്റെ വക്താക്കൾ മതജാതി പരിഗണനകൾക്കതീതരായി ഉന്നത സ്വഭാവമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരും തങ്ങളിൽനിന്നേ നീതി ലഭ്യമാകൂ എന്നു പ്രതീക്ഷ ജനിപ്പിക്കുന്നവരും വിശ്വസ്തതയും കാര്യനിർവഹണപ്രാപ്തിയും തെളിയിക്കുന്നവരും ആകുക കൂടി ചെയ്താൽ പിന്നെ ജനം ഇന്നത്തെ പ്രതിസന്ധിക്ക് പരിഹാരമായി സോഷ്യലിസ്റ്റ് വിപ്ലവത്തിനു പിന്നാലെ പോകുന്ന പ്രശ്നമുദിക്കുന്നില്ല. സോഷ്യലിസ്റ്റ് വിപ്ലവമെന്നത് രോഗത്തോടൊപ്പം ആരോഗ്യത്തിന്റെയും ഗണ്യമായൊരു ഭാഗം മുറിച്ചുനീക്കുന്ന ശസ്ത്രക്രിയയാണ്. മരുന്നുമൂലം രോഗം ഭേദമാക്കാം എന്ന പ്രതീക്ഷ നഷ്ടപ്പെടുന്ന നിർബന്ധിതാവസ്ഥയിലാണ് മനുഷ്യൻ ശസ്ത്രക്രിയ തെരഞ്ഞെടുക്കുന്നത്. അക്രമമുതലാളിത്തത്തിനും സോഷ്യലിസത്തിനും അപ്പുറം രണ്ടിന്റെയും തിന്മകളെ ഇല്ലായ്മ ചെയ്ത് നീതിപാലനത്തിനുള്ള ഒരു മൂന്നാംവഴി കാണാത്ത നിവർത്തികേടിൽനിന്നാണ് ഈ ശസ്ത്രക്രിയക്ക് ലോകം വഴങ്ങുന്നത്. അത്തരമൊരു മൂന്നാം മാർഗം ഫലപ്രദമായി സമർപ്പിക്കപ്പെടുകയാണെങ്കിൽ ഇന്ത്യയിലോ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലോ ഉള്ള ജനങ്ങൾ അതു പരീക്ഷിക്കാതെ പിന്നെയും അറുത്തുമാറ്റൽ ശസ്ത്രക്രിയക്കു വേണ്ടി ശാഠ്യം പിടിക്കുന്ന ഭ്രാന്ത് കാണിക്കുമെന്ന് ഞാൻ കരുതുന്നില്ല.

എന്നാൽ ചോദ്യമിതാണ്: ഈ മൂന്നാംമാർഗം മുന്നോട്ടുവെക്കാൻ മുസ്‌ലിംകൾക്കു കഴിയുമോ? അതിനു കഴിയുമെങ്കിൽ, ആ മൂന്നാംമാർഗം ഇസ്‌ലാം ആണെങ്കിൽ ഉത്തമബോധ്യത്തോടെ ഞാൻ പറയുന്നു, ഇന്ത്യയിൽ സോഷ്യലിസവുമായി ഇസ്‌ലാമിന് നന്നേ ചുരുങ്ങിയത് അറുപതുശതമാനം ജയസാധ്യതയുണ്ട്. എന്നിട്ടും, ഇസ്‌ലാം പോലെ സമ്പൂർണവും സമുചിതവുമായ ഒരു വ്യവസ്ഥ കൈവശം വെച്ചുകൊണ്ട് സോഷ്യലിസത്തിനുവേണ്ടി കളമൊഴിഞ്ഞു കൊടുത്ത് മാറിനിൽക്കുന്ന മുസ്‌ലിം നിലപാട് നിർഭാഗ്യകരം തന്നെ. ■

**വിവ: വി.എം ഇബ്‌റാഹീം**

(തുടരും)